LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കണ്ടിന്യൂയിംഗ് മെഡിക്കൽ എഡ്യൂക്കേഷന്റെ ഭാഗമായി വിവിധ കോൺഫറൻസുകൾക്ക് മെഡിക്കൽ കോളേജ് അദ്ധ്യാപകർ പങ്കെടുക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത കോൺഫറൻസുകൾക്കും വർക്ക്ഷോപ്പുകൾക്കുമായി വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും 64 പേർ പങ്കെടുത്തിട്ടുണ്ട്. സർവ്വീസ് ചട്ടം അനുശാസിക്കുന്ന അവധികൾ ബാധകമാക്കിയാണ് പ്രസ്തുത ഡോക്ടർമാർക്ക് അനുമതി നൽകിയിട്ടുള്ളത്.

ആരോഗ്യ വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിനെതിരെ ഇത്തരമൊരു പരാതി ഉയർന്നിരുന്നു. ഈ പരാതി ബഹു. മനുഷ്യാവകാശ കമ്മീഷന്റെ പരിഗണനയിലാണ്.

(ഡി) ഡോക്ടർമാർക്കും നിലവിലുള്ള കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസും KCS(CC&A)Rules-ഉം ബാധകമാണ്. അതിനാൽ പ്രത്യേക പെരുമാറ്റ ചട്ടത്തിന്റെ ആവശ്യമില്ല.

ശസ്ത്രക്രിയേതര ധനസഹായം

90 (4374) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് വകുപ്പിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ശസ്ത്രക്രിയക്ക് പുറമേ വിവിധ തരം രോഗപീഡകൾ അനുഭവിക്കുന്ന പാവപ്പെട്ട രോഗികൾക്ക് കൂടി ഈ പദ്ധതിയിൽനിന്ന് ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ പദ്ധതി പ്രകാരം അപേക്ഷകരുടെ വാർഷിക വരുമാന പരിധി അമ്പതിനായിരം രൂപയാക്കി നിജപ്പെടുത്തുവാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധി എന്ന പദ്ധതിയും ബഹു. ആരോഗ്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായുള്ള

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയും നിലവിലുണ്ട്. ചികിത്സിക്കുന്ന ഡോക്ടറുടെ പക്കൽനിന്നും സാക്ഷ്യപത്രം, വില്ലേജ് ഓഫീസറുടെ പക്കൽനിന്നും വാർഷിക വരുമാനം തെളിയിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിക്കുന്ന അർഹരായ രോഗികൾക്ക് ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും ചികിത്സാധനസഹായമായി 2,000 രൂപാവീതം അനുവദിച്ചുവരുന്നു. ചികിത്സാ ധനസഹായം അനുവദിച്ച ഉത്തരവ് രോഗിക്ക് അയച്ചുകൊടുത്ത് രോഗിയിൽനിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായത്തുക മണി ഓർഡറായി അയച്ചുകൊടുക്കുന്നതാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

വാർഷിക വരുമാനം 3,00,000 രൂപവരെയുള്ള ക്യാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് രോഗികൾക്കും ആരോഗ്യവകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം ലഭിക്കാൻ ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രവും വില്ലേജ് ഓഫീസറുടെ പക്കൽനിന്നും ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റും സഹിതം നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം. മെമ്പർ സെക്രട്ടറി, സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ജനറൽ ഹോസ്പിറ്റലിന് സമീപം, തിരുവനന്തപുരം -695 035 എന്ന മേൽവിലാസത്തിലാണ് അപേക്ഷ അയയ്ക്കേണ്ടത്. രോഗിക്ക് ചികിത്സ ലഭിക്കുന്ന ആശുപത്രിയിൽനിന്നും ചികിത്സാ സ്ഥിരീകരണ റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുന്നതും പ്രസ്തുത വിവരം കത്തുമുഖാന്തിരം രോഗിയെ അറിയിക്കുന്നതും രോഗിയിൽനിന്നും രസീത് വാങ്ങി ചികിത്സാ ധനസഹായത്തുകയുടെ ചെക്ക് രോഗിക്ക് നേരിട്ട് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്നതുമാണ്.

RSBY-യുടെ ചിസ് പ്ലസ് എന്ന ചികിത്സാനുകൂല്യത്തിനും സൊസൈറ്റിയുടെ ചികിത്സാ ധനസഹായത്തിനും ഒരേ രോഗിക്ക് അർഹതയുണ്ടായിരിക്കില്ലെന്ന് G.O.(Rt)No.757/2012/H&FWD, dated 8/3/2012 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ എന്ന പദ്ധതിയിൽ ഇപ്പോൾ ക്യാൻസർ, ഡയാലിസിസ് രോഗികൾക്ക് ശസ്ത്രക്രിയ കൂടാതെതന്നെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. മാരകമായ മറ്റ് രോഗങ്ങളെകൂടി ഈ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ)നമ്പർ 1388/2012/ആ.കു.വ. തിരുവനന്തപുരം തീയതി, 21-4-2012 പ്രകാരം ക്യാൻസർ രോഗികൾക്കും കിഡ്നി ചികിത്സ നടത്തുന്ന രോഗികൾക്കും സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ പദ്ധതിയിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വാർഷിക വരുമാനപരിധി 3,00,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. മറ്റ് രോഗികളുടെ കാര്യത്തിൽ വരുമാനപരിധി ഉയർത്തുന്ന വിഷയം പരിഗണനയിലുണ്ട്.

പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ

91 (4375) ശ്രീ. പി. സി. ജോർജ്ജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ സംരക്ഷണം മുൻനിർത്തി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പകർച്ചവ്യാധികളും ജീവിതശൈലീ രോഗങ്ങളും നിയന്ത്രണ വിധേയമാകുന്നതിനുതകുന്ന എന്തെല്ലാം പരിപാടികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യരംഗം നേരിടുന്ന വെല്ലുവിളികൾ മുൻകൂട്ടി കാണുന്നതിനും നേരിടുന്നതിനും ഉപകരിക്കുന്ന വിധത്തിൽ ഒരു ഏജൻസി രൂപവത്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിന് പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും നടപ്പിലാക്കുന്നതും. ഇതിൽ പകർച്ചവ്യാധി നിരീക്ഷണത്തിനും പ്രതിരോധത്തിനും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെട്ടാൽ അത് നിയന്ത്രിക്കുവാനുമുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുകൂടാതെ ജീവിതശൈലീരോഗ നിയന്ത്രണ പരിപാടിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പബ്ലിക് ഹെൽത്ത് പ്രൊട്ടക്ഷൻ ഏജൻസി മുഖാന്തിരം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly